**തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടർ (മെഡിക്കൽ &ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)ന്റെ നടപടിക്രമം .**

വിഷയം:- ആ വ ഡ - ജീവനക്കാര്യം -ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലെ സ്ഥലംമാറ്റവും ,ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിൽ നിന്നും ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലേക്ക് സ്ഥാനക്കയറ്റവും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

പരാമർശം:- 1.ഉത്തരവ് നമ്പർ ഇ.എസ്3-4087/2022ആവഡ- തീയതി:08.12.2022
2.വിവിധ ജില്ലാ മെഡിക്കൽ ഓഫീസുകളിൽ നിന്നും ലഭിച്ച സ്ഥലംമാറ്റ അപേക്ഷകൾ .

**ഉത്തരവ് നം : DHS/11780/2023-EE4 തിയതി : 25-09-2024**

പരാമർശം 2 പ്രകാരം വിവിധ ജില്ലാ മെഡിക്കൽ ഓഫീസുകളിൽ നിന്നും ലഭിച്ച സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ച് ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ ജീവനക്കാർക്ക് പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള ജില്ലകളിലേക്ക് സ്ഥലമാറ്റം നൽകി Annexure I ലിസ്റ്റിൽ ഉൾപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു .

പരാമർശം 1 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട റാങ്ക് നമ്പർ 183 മുതൽ 188 വരെ യുള്ള ജീവനക്കാരെ ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിൽ നിന്നും ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലെ ഒഴിവിലേക്ക് 43400-91200 എന്ന ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി Annexure II ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു .റാങ്ക് നമ്പർ 184 സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാളെ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് .

ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിൽ നിയമനം ലഭിക്കുന്ന ജീവനക്കാർ രണ്ട് വർഷത്തെ കാലാവധിക്കുള്ളിൽ ഒരു വർഷത്തെ പരിവീക്ഷാക്കാലം പൂർത്തിയാക്കേണ്ടതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ അതാത് സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുൻപായി ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി ഇല്ലായെന്ന് സ്ഥാപനമേധാവി ഉറപ്പു വരുത്തേണ്ടതാണ് .

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി സേവനപുസ്തകത്തിൽ പതിക്കേണ്ടതും സ്പാർക്കിൽ വിവരങ്ങൾ ഉൾപെടുത്തേണ്ടതും ആണ് .

അന്യത്രസേവനത്തിൽ തുടരുന്ന ജീവനക്കാർ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത് സ്ഥാനക്കയറ്റം ലഭിച്ച സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ് .

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും

ജോലിയിൽ പ്രവേശിക്കുന്നതിനുമുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ് .വിടുതൽ ചെയ്ത തീയതിയും ജോലിയിൽ പ്രവേശിച്ച തീയതിയും ഈ ഓഫീസിൽ യഥാ സമയം അറിയിക്കേണ്ടതാണ് .

Signed by
Nandakumar.k.v
Date: 25-09-2024 16:58:11

**അഡിഷണൽ ഡയറക്ടർ**
**(മെഡിക്കൽ &ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ )**

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് : ജില്ലാ മെഡിക്കൽ ഓഫീസർമാർ
ബന്ധപ്പെട്ട സ്ഥാപനമേധാവികൾ

## Annexure I

| Sl No | Name | Present Station | Transferred to | Remarks |
|---|---|---|---|---|
| 1 | Viju V | T H Thirurangadi Malappuram | DMO Kannur | |
| 2 | Sreela Balakrishnan | T H Mannarkkad Palakkad | G H Thalaserry Kannur | |
| 3 | Jithesh Krishnan P K | G H Kalpetta Wayanad | THQH Vythiri Wayanad | |
| 4 | Diseelath K S | D H Perinthalmanna Malappuram | T H Ranni Pathanamthitta | |

Signed by
Nandakumar.k.v
Date: 25-09-2024 17:00:09

**Additional Director (Medical &Hospital Administration)**

## Annexure II

| Sl No | Rank No. | PEN | Name | Present Station | Promoted to | Remarks |
|---|---|---|---|---|---|---|
| 1 | 183 | 340670 | Sarathlal Azhakath | PHC Pang,Malappuram | T H Thirurangadi Malappuram | |
| 2 | 185 | 379348 | Annamma P J | PHC Mallapuzhassery Pathanamthitta | THQH Peerumade Idukki | |
| 3 | 186 | 237001 | Rajitha M S | G H Alappuzha | D H Perinthalmanna Malappuram | |
| 4 | 187 | 367086 | Sunithamol A M | FHC Thonnakkal Thiruvananthapuram | T H Mannarkkad Palakkad | |
| 5 | 188 | 234684 | Latha S | PHC Ittiva Kollam | G H Kalpetta Wayanad | |

Signed by
Nandakumar.k.v
Date: 25-09-2024 16:59:26

**Additional Director (Medical &Hospital Administration)**